avitis INSTITUTE OF MEDICAL SCIENCES
noel
Poikattur
Legacy Partners
VARMA HOMES
OXEL

CONSULTANT
THE CONTRARIAN

ടിനി ഫിലിപ്പ്

കഫേ കോഫി ഡേയ്ക്ക് സംഭവിച്ചതെന്ത്?

പ്രൈവറ്റ് ഇക്വിറ്റി ഫണ്ടിംഗ് ബിസിനസ് വളർച്ചയ്ക്ക് ഏറെ പ്രയോജനപ്രദമാണ് എന്നാൽ അവയിലെ ചതിക്കുഴികൾ അറിഞ്ഞില്ലെങ്കിൽ നിങ്ങൾക്കുള്ളതെല്ലാം അത് കവർന്നെടുത്തേക്കാം

കഫേ കോഫി ഡേ ഗ്രൂപ്പ് സ്ഥാപകൻ വി ജി സിദ്ധാർത്ഥിന്റെ ദൗർഭാഗ്യകരമായ മരണത്തെ തുടർന്ന്, പല സംരംഭകരുടെയും മനസിൽ പ്രൈവറ്റ് ഇക്വിറ്റി (പിഇ) ഫണ്ടിംഗിലെ അപകടത്തെ കുറിച്ചുള്ള സംശയങ്ങൾ ഉയർന്നിട്ടുണ്ട്.

കഴിഞ്ഞ ഏതാനും ആഴ്ചകളായി പല സംരംഭകരും എന്നോട് തന്നെ ഇതേക്കുറിച്ച് ചോദിച്ചിട്ടുണ്ട്. അതുകൊണ്ടു തന്നെ ഇക്കാര്യത്തിൽ എന്റെ അഭിപ്രായം ഈ കോളത്തിലൂടെ പങ്കുവെക്കുന്നു.

കഫേ കോഫി ഡേയുടെ പ്രശ്നങ്ങൾക്കപ്പുറം പിഇ ഫണ്ടിംഗിനെ കുറിച്ച് മിക്ക സംരംഭകർക്കുമുള്ള തെറ്റിദ്ധാരണ തിരുത്താൻ കൂടിയാണ് ശ്രമിക്കുന്നത്. അതിനായി ഒരു സാങ്കൽപ്പിക കമ്പനിയെ ഉദാഹരണമായി എടുക്കാം.

ഏതാനും വർഷങ്ങൾക്ക് മുമ്പ് അറിയപ്പെടുന്നൊരു കമ്പനിക്ക് പ്രശസ്തമായ ഒരു പിഇ സ്ഥാപനത്തിൽ നിന്ന് നല്ലൊരു തുക പിഇ ഫണ്ടിംഗായി ലഭിച്ചു. 20,000 കോടി രൂപ ആസ്തിയുള്ള കമ്പനിയുടെ അഞ്ചു ശതമാനം ഓഹരി, അതായത് ആയിരം കോടി രൂപ ഇത്തരത്തിൽ സ്വീകരിച്ചുവെന്നായിരുന്നു മാധ്യമ റിപ്പോർട്ടുകൾ.

ആ ഇടപാടു സംബന്ധിച്ച യഥാർത്ഥ കണക്കുകൾ താഴെ കൊടുക്കുന്നു.

പി ഇ സ്ഥാപനത്തിൽ നിന്ന് ആയിരം കോടി രൂപയാണ് കമ്പനി സ്വീകരിച്ചത്. എന്നാൽ അഞ്ചു ശതമാനം ഓഹരിക്കായി നിക്ഷേപിച്ചത് 200 കോടി രൂപ മാത്രമാണ്. 4000 കോടി രൂപ മാത്രമാണ് കമ്പനിയുടെ മൂല്യം കൽപ്പിച്ചിരുന്നത് എന്നതിനാലാണത്. ബാക്കിയുള്ള 800 കോടി രൂപ കംപൽസറി കൺവെർട്ടബ്ൾ ഡിബെഞ്ചേഴ്സ് (സിസിഡി) ആയി ഒൻപത് ശതമാനം പലിശയ്ക്ക് നൽകുകയായിരുന്നു. എന്തുകൊണ്ടാണ് മാധ്യമങ്ങൾ 20,000 കോടി മൂല്യം എന്നു പറഞ്ഞത്?

പത്രത്തിനുള്ള അഭിമുഖത്തിൽ കമ്പനിയുടെ

പ്രൊമോട്ടർ പറഞ്ഞത്, പിഇ സ്ഥാപനത്തിൽ നിന്ന് ആയിരം കോടി രൂപ നിക്ഷേപം സ്വീകരിച്ചുവെന്നും അഞ്ച് ശതമാനം ഓഹരി നൽകിയെന്നും മാത്രമാണ്. ഇതു സംബന്ധിച്ച് മറ്റൊന്നും പറഞ്ഞിരുന്നില്ല.

ഇടപാടു സംബന്ധിച്ച് കൂടുതൽ വിവരങ്ങളൊന്നും ലഭ്യമല്ലാത്തതിനാൽ മാധ്യമങ്ങൾ, ലഭ്യമായ കണക്കുകൾ വെച്ച് കമ്പനിയുടെ മൂല്യം 20,000 കോടി രൂപയാണെന്ന് കണക്കു കൂട്ടി. പ്രൈവറ്റ് ഇക്വിറ്റി ഇടപാടുകളിലെ സത്യം പരിശോധിച്ചാൽ, കമ്പനി പ്രൊമോട്ടർക്ക് തീരെ ആകർഷകമല്ല ഈ ഇടപാട് എന്നു കാണാം. 20,000 കോടി രൂപയ്ക്ക് പകരം നാലായിരം കോടി രൂപയുടെ മൂല്യം മാത്രമേ കമ്പനിക്ക് ലഭിച്ചുള്ളു എന്നു മാത്രമല്ല, ലഭിച്ച ഫണ്ടിൽ ഭൂരിഭാഗവും ഒൻപത് ശതമാനം എന്ന പലിശഭാരം പേറുന്നതായിരുന്നു.

പിഇ കരാറിലെ വ്യവസ്ഥകൾ പ്രകാരം ഏഴു വർഷത്തിനു ശേഷം കമ്പനി ഒരു നിശ്ചിത വിറ്റുവരവും ലാഭവും നേടുകയാണെങ്കിൽ സിസിഡിയായി നിക്ഷേപിച്ച 800 കോടി രൂപ കമ്പനിയിലെ 15 ശതമാനം ഓഹരിയായി പരിഗണിക്കപ്പെടുമായിരുന്നു.

എട്ടാമത്തെ വർഷം കമ്പനി ഐപിഒ (ഇനീഷ്യൽ പബ്ലിക് ഓഫർ) യ്ക്ക് തയാറാവുകയും പിഇ സ്ഥാപനത്തിന്റെ കൈവശമുള്ള ഓഹരികൾ മികച്ച വിലയ്ക്ക് വിറ്റഴിക്കുകയും ചെയ്യും.

കമ്പനിയുടെ വികസന പ്രവർത്തനങ്ങൾക്ക് വേഗം കൂട്ടുന്നതിനായി 1000 കോടി രൂപ ബാങ്ക് വായ്പ കൂടി എടുക്കാൻ പിഇ സ്ഥാപനം നിർദേശിച്ചു.

ഓഹരി എന്ന നിലയിൽ തന്നെയുള്ള സിസിഡിയായി പരിഗണിക്കും എന്നതിനാൽ ഈ തുക നൽകുന്നതിൽ ബാങ്കിനും സന്തോഷം തന്നെയായിരുന്നു.

പിഇ ഫണ്ടിംഗിൽ ഒളിഞ്ഞിരിക്കുന്നതെന്ത്?

ദൗർഭാഗ്യവശാൽ ഏഴു വർഷത്തിനു ശേഷം, പിഇ കരാറിൽ പറഞ്ഞിരിക്കുന്നതു പോലെ വിറ്റുവരവിന്റെയും ലാഭത്തിന്റെയും കാര്യത്തിൽ ലക്ഷ്യത്തിലെത്താൻ കമ്പനിക്കായില്ല.

ഐപിഒ നടത്തുന്നത് കമ്പനി നീട്ടിവെച്ചു. പത്തു വർഷത്തിനു ശേഷം വിറ്റുവരവ് ലക്ഷ്യമിട്ടിരുന്നത് നേടാൻ കഴിഞ്ഞെങ്കിലും ലാഭം ലക്ഷ്യമിട്ടതു പോലെ നേടാനായില്ല.

പിഇ കരാർ പ്രകാരം, കമ്പനിയുടെ ഐപിഒ നീളുകയോ ലക്ഷ്യമിട്ടിരുന്ന വിറ്റുവരവും ലാഭവും നേടാനാകാതെ വരികയോ ആയാൽ പിഇ സ്ഥാപനത്തിന് അവരുടെ 800 കോടി രൂപയുടെ സിസിഡി ഉയർന്ന ഓഹരിയായി മാറ്റാനാകുമായിരുന്നു. പദ്ധതിയിട്ടതു പോലുള്ള നേട്ടം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായിട്ടാണിത്.

MOLLY
SINCE 1972
MOLLY ENTERPRISES
GATE NO. 1, PLOT NO. 134
MAJOR INDUSTRIAL ESTATE, OLLUR-680306
THRISSUR DT., KERALA STATE, S.INDIA
☎ +91 487 - 2354338
+91 487 - 2352446
Visit us : www.mollyindia.com
Email: mollygroup@gmail.com
Mfrs. of: Wood working Machinery and Other Alied Machinery
TALKING OF MACHINERY... THINK OF MOLLY